കയുമുണ്ടായി. എസ്. എസ്. എൽ. സി. പരീക്ഷ പാസ്സായ ഹെൽപ്പർ മാർക്ക് സ്ഥിരമായി വർക്കറായി പ്രൊമോഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

മലയോര പ്രദേശമായ റാന്നി പ്രോജക്ടിലെ അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ പദ്ധതി

20 [2157] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

(ബി) കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ഏതെക്കെ പ്രോജക്ടുകളിലാണ് കെട്ടിടം നിർമ്മിച്ചത്;

(സി) മലയോര പ്രദേശമായ റാന്നി പ്രോജക്ടിലെ അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) അംഗൻവാടികൾക്കുള്ള കെട്ടിട നിർമ്മാണം അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വിഷയമായതിനാൽ ഇതിലേക്ക് ആവശ്യമായ തുക പ്രധാനമായും ടി സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് വിനിയോഗിച്ച് വരുന്നത്. കൂടാതെ ബഹു. എം. പി., എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ടുകൾ, സർക്കാരിന്റെ മറ്റു ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ടുകൾ, ലോകബാങ്ക് സഹായ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ വിഹിതം, സംസ്ഥാന സർക്കാരിന്റെ പ്ലാൻ വിഹിതം, രേണ നവീകരണ പദ്ധതി വിഹിതം എന്നിവയും ഈ ആവശ്യത്തിന് വിനിയോഗിക്കാറുണ്ട്.

(ബി) ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന പ്രോജക്ടുകളിലാണ് കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

(സി) റാന്നി ഐ. സി. ഡി. എസ്. പ്രോജക്ടിൽ കെട്ടിടം ഇല്ലാത്ത 16 അംഗൻവാടി സെന്ററുകൾക്ക് കെട്ടിട നിർമ്മാണം/അറ്റകുറ്റപണികൾ എന്നിവയ്ക്ക് സംസ്ഥാന പ്ലാൻ ഫണ്ട്, രേണ നവീകരണ പദ്ധതി എന്നിവയിലൂടെ ഫണ്ട് ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ

21 [2158] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണത്തിന്റെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly